# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 8, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 409)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 1072 മുതൽ 1205 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 1206 മുതൽ 1312 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 1313 മുതൽ 1391 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 1392 മുതൽ 1480 വരെ |

## സ്കൂൾ വികസന പദ്ധതി

1072 ശ്രീ. ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഏതെല്ലാം തരം സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

വിദ്യാർത്ഥികളുടെ സംരംഭക മികവ് പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി

1073 ശ്രീ. കെ.ശിവദാസൻ നായർ
,, എ.റ്റി.ജോർജ്
,, വർക്കല കഹാർ
,, സി.പി.മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലെ സംരംഭക മികവ് പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിദ്യാർത്ഥികളുടെ സംരംഭകത്വ മികവ് വർദ്ധിപ്പിക്കുവാൻ എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) വിദ്യാർത്ഥികളായ സംരംഭകർക്ക് എന്തെല്ലാം ഇളവുകൾ ആണ് ലഭിക്കുന്നത്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>'അക്ഷരലക്ഷം' പദ്ധതി</u>

1074 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'അക്ഷരലക്ഷം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുതപദ്ധതി ഏത് ഏജൻസിയുടെ ആഭിമുഖ്യത്തിലാണ് നടപ്പാക്കുന്നത്;

(സി) സമ്പൂർണ്ണസാക്ഷരതായജ്ഞത്തിൽ നിന്ന് എന്തെല്ലാം വ്യത്യാസങ്ങളാണ് ഈ പദ്ധതിക്കുള്ളത്;

(ഡി) ആദിവാസി-തീരദേശമേഖലകളിലും ചേരിപ്രദേശങ്ങളിലും ഈ പദ്ധതിക്ക് ഊന്നൽ നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി</u>

1075 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുതപദ്ധതി ഏത് ഏജൻസിയുടെ ആഭിമുഖ്യത്തിലാണു നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തൊഴിലില്ലായ്മ പരിഹരിക്കാൻ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി എന്നു മുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക്</u>
<u>അഭിരുചി പരീക്ഷ</u>

1076 ശ്രീ. വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് അഭിരുചി പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) അഭിരുചി പരീക്ഷ നടത്തുന്നത് എങ്ങനെയാണ്; വിശദമാക്കുമോ;

(ഡി) വിദ്യാർത്ഥികളുടെ മാനസിക ബൗദ്ധികശേഷി വിലയിരുത്തി, അവരെ ഏത് മേഖലയിലേയ്ക്ക് തിരിച്ച് വിടണമെന്ന കാര്യത്തിൽ, ഈ പരീക്ഷ എങ്ങനെ പ്രയോജനപ്പെടുത്താനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രവര്‍ത്തനങ്ങളുടെ ഡോക്യുമെന്റേഷന്‍</u>

1077 ശ്രീ. വി. ഡി. സതീശന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, എ. റ്റി. ജോര്‍ജ്
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ മികച്ച പ്രവര്‍ത്തനങ്ങള്‍, ഡൊക്യുമെന്റ് ചെയ്യാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എന്തെല്ലാം കാര്യങ്ങളാണ് ഡോക്യുമെന്റേഷനില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഈ പ്രവര്‍ത്തിയില്‍ ഏതെല്ലാം ഏജന്‍സികളാണ് ഏര്‍പ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വെബ് പോർട്ടൽ അധിഷ്ഠിതപഠനം</u>

1078 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വെബ് പോർട്ടൽ അധിഷ്ഠിതപഠനം സംബന്ധിച്ചു സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

പിന്നോക്ക മേഖലകളിൽ എഫ്.എം. റേഡിയോയുടെ സഹായത്തോടെ വിദ്യാഭ്യാസ പരിപാടി

1079 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക മേഖലകളിൽ എഫ്.എം.റേഡിയോയുടെ സഹായത്തോടെ സ്ക്കൂൾ സിലബസുകൾ ആധാരമാക്കി വിദ്യാഭ്യാസ പരിപാടി പ്രക്ഷേപണം ചെയ്തിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രക്ഷേപണ പരിപാടി എത്രത്തോളം വിജയകരമായിരുന്നു; ആയത് ഇതര മേഖലകളിൽകൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(*സി) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

'ഇൻക്ലൂസിവ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് ചിൽഡ്രൻ' പദ്ധതി

1080 ശ്രീ. വി. എസ്. സുനിൽ കുമാർ
'' കെ. അജിത്
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻക്ലൂസിവ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് ചിൽഡ്രൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകാറുണ്ടോ; എങ്കിൽ, എന്തെല്ലാം ഉപകരണങ്ങളാണ് വാങ്ങി നൽകുന്നത്; ഇതിനായി ഒരു വിദ്യാർത്ഥിക്ക് പരമാവധി എത്ര തുക വരെ ചെലവഴിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ഏത് സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) പ്രസ്തുത ഉപകരണങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ തുടങ്ങിയവയിൽ മുൻപരിചയം ഇല്ലാത്ത സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമ ശിക്ഷക് അഭിയാൻ പദ്ധതി</u>

1081 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ മാധ്യമ ശിക്ഷക് അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി എത്ര സ്കൂളുകൾ തുടങ്ങാനാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളത് ;

(ബി) ഇത് സംബന്ധിച്ച് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ സ്കൂളുകൾ ആരംഭിക്കുന്നതിന് തുടർനടപടികൾ എന്തെങ്കിലും
സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) പ്രസ്തുത സ്കൂളുകൾ ഏത് വിദ്യാഭ്യാസവർഷം പ്രവർത്തനം ആരംഭിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

'സീമാറ്റ്' കേരളയ്ക്ക് നീക്കിവച്ച തുക

1082 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ സംസ്ഥാന ബഡ്ജറ്റിൽ 'സീമാറ്റ്' കേരളയ്ക്ക് നീക്കിവച്ച 2 കോടി രൂപ ഏതൊക്കെ പരിപാടിക്കായി വിനിയോഗിക്കാനാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ബഡ്ജറ്റ് പ്രകാരം ഏറ്റെടുത്തിട്ടുള്ള പരിപാടികളിൽ ഏതെല്ലാം ലക്ഷ്യം കൈവരിച്ചെന്ന് വ്യക്തമാക്കുമോ; ഇതിനായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് പറയാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് പോലീസ് പദ്ധതി</u>

1083 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്റ്റുഡന്റ് പോലീസ് പദ്ധതിയിൽ ഏതു വർഷം മുതലുള്ള കുട്ടികൾക്കാണ് 10-ാം ക്ലാസ് പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ; ഇതിനായി പ്രത്യേക ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) 2013 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന പ്രസ്തുത പദ്ധതിയിലുള്ള കുട്ടികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുമോ;

(സി) സ്റ്റുഡന്റ് പോലീസ് പദ്ധതിയിലെ ആദ്യ ബാച്ചിലെ കുട്ടികൾക്ക് ഗ്രേസ്മാർക്ക് കിട്ടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർക്കുകൂടി ഗ്രേസ് മാർക്ക് ലഭിക്കുന്ന തരത്തിൽ പ്രത്യേക ഉത്തരവിറക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

1084 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പൊതുവിദ്യാഭ്യാസവകുപ്പിന്റെ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള ഫണ്ട് സ്രോതസ്സുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സദ്ഗമയ-സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി</u>

1085 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സദ്ഗമയ-സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പരിപാടിക്കായി ഏതെല്ലാം ജില്ലകളെ തെരഞ്ഞെടുത്തിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്മാര്‍ട്ട് ഇന്ത്യാ പദ്ധതി</u>

1086 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ 'സ്മാര്‍ട്ട് ഇന്ത്യാ പദ്ധതി' സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; എങ്കില്‍ പദ്ധതിയുടെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പ് ചുമതല ആര്‍ക്കാണെന്ന് അറിയിക്കുമോ;

(സി) പദ്ധതി നടത്തിപ്പ് ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്മാർട്ട് സ്കൂൾ പദ്ധതി</u>

1087 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് സ്മാർട്ട് സ്കൂൾ പദ്ധതി ആരംഭിച്ചത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുടെ പൂർത്തീകരണത്തിനായി 1.25 കോടി രൂപ അഞ്ചു വർഷങ്ങളിലായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ആദ്യ ഗഡുവായി 25 ലക്ഷം രൂപ ഓരോ സ്കൂളിനും കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം 25 ലക്ഷം രൂപ നൽകിയതെന്നാണ്;

(ഇ) 2011-12 വർഷത്തെയും 2012-13 വർഷത്തെയും ഗഡുക്കൾ കൈമാറിയിട്ടുണ്ടോ;

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്കൂളിനുവേണ്ട ഭൗതിക സൗകര്യം ഏർപ്പെടുത്തി നൽകിയിട്ടും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ഫണ്ട് അനുവദിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത പദ്ധതി എപ്രകാരം മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി</u>

1088 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി (എ.എസ്.എ.പി.) യിൻകീഴിൽ കൊല്ലം നിയോജകമണ്ഡലത്തിലെ അഞ്ചാലുംമൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കും എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

1089 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതിന് അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏത് സ്കൂളാണ് തെരഞ്ഞെടുത്തിട്ടുള്ളത്; പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എത്ര സ്കൂളുകളിലും കോളേജുകളിലും ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

1090 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം സംസ്ഥാനത്ത് എത്ര വിദ്യാലയങ്ങളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വിദ്യാലയങ്ങൾക്കും പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ കാലപരിധി എത്രയാണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഏരിയാ ഇന്റൻസീവ് പദ്ധതി</u>

1091 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ.ഐ.പി. പദ്ധതി പ്രകാരം മലബാറിലെ 33 സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ, 2012 ജൂൺ 13 ന്റെ മന്ത്രിസഭാ തീരുമാനം എന്തായിരുന്നു; പിന്നീട് ഈ തീരുമാനത്തിൽ മാറ്റം വരുത്തുകയുണ്ടായോ;

(ബി) ഇത്തരം സ്കൂളുകളിൽ ആകെ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്; അവരുടെ നിലവിലുള്ള സേവന വേതന വ്യവസ്ഥ എന്താണ്; ഇതിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) ഓരോ സ്കൂളുകളിലേയും അദ്ധ്യാപകർ, വിദ്യാർത്ഥികൾ, അനദ്ധ്യാപകർ എന്നിവരുടെ കണക്കുകൾ നൽകാമോ;

(ഡി) ഏരിയാ ഇന്റൻസീവ് പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും ഓരോ സ്കൂളിനും വിവിധ ആവശ്യങ്ങൾക്കായി എന്ത് തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ; ഈ തുക എങ്ങനെ വിനിയോഗിച്ചു എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>എരിയാ ഇന്റൻസീവ് പദ്ധതി പ്രകാരം സ്കൂളുകൾ ഏറ്റെടുക്കൽ</u>

1092 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏരിയാ ഇന്റൻസീവ് പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33 സ്കൂളുകൾ സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് മന്ത്രിസഭ വിവിധ ഘട്ടങ്ങളിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ഇപ്പോൾ വേതന വിതരണം നടത്തുന്നത് എങ്ങനെയാണ്;

(സി) പ്രസ്തുത വിദ്യാലയങ്ങളുടെ ഏറ്റെടുക്കലിനായി സർക്കാരിന് എത്ര രൂപ അധിക ബാധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്</u>

1093 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിൽ എത്ര അൺഎയിഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ സംസ്ഥാന സിലബസ്സും, സി.ബി.എസ്.ഇ. സിലബസ്സും എത്ര വിതം സ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ നിന്ന് 2011, 2012 അദ്ധ്യയന വർഷങ്ങളിൽ എത്ര വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുണ്ടായെന്ന് വിശദമാക്കാമോ;

(ഡി) ഈ രണ്ടു അദ്ധ്യയനവർഷങ്ങളിലും കൊഴിഞ്ഞുപോക്ക് കാരണം എത്ര അദ്ധ്യാപകർ 'സർപ്ലസ്' ആയി നിൽക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ഏരിയാ ഇന്റൻസീവ് പദ്ധതി</u>

1094 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏരിയാ ഇന്റൻസീവ് പദ്ധതിപ്രകാരം തുടങ്ങിയ മലബാറിലെ 33 സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ഉൾപ്പെടെ മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ആനുകൂല്യം ഭാവിയിൽ നിയമിക്കുന്ന അദ്ധ്യാപകർക്കും ലഭിക്കുമോ ;

(സി) ഭാവിയിൽ അദ്ധ്യാപകരെ നിയമിക്കുന്നത് പി.എസ്.സി. ലിസ്റ്റിൽ നിന്നാണോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ സ്കൂൾ അദ്ധ്യാപകർക്കുള്ള നിയന്ത്രണം ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പ്രസ്തുത സ്കൂളുകൾക്ക് പഞ്ചായത്ത് സ്കൂളുകളുടെ പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

**കേരള നിയമസഭ**
**08.02.2013-ലെ മറുപടിക്ക്**

<u>സ്കൂൾ ഫീസ് വർദ്ധനവ്</u>

1095 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർ സെക്കൻഡറി, എസ്.എസ്.എൽ.സി. പഠനവുമായി ബന്ധപ്പെട്ട ഫീസുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഓരോ വിഭാഗത്തിലും വിവിധ ആവശ്യങ്ങൾക്കായി എത്ര തുകയാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(സി) പ്രസ്തുത തുക മുൻകാല ഫീസിൽ നിന്നും എത്ര ശതമാനമാണ് അധികമായി വരുന്നതെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കൻഡറി ഫീസ് വർദ്ധന</u>

1096 ശ്രീ. രാജു എബ്രഹാം
,, കെ. വി. അബ്ദുൾ ഖാദർ
,, റ്റി. വി. രാജേഷ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കൻഡറി പഠനവുമായി ബന്ധപ്പെട്ട ഫീസുകൾ വർദ്ധിപ്പിക്കുകയുണ്ടായോ; ഏതൊക്കെയിനത്തിൽ എത്ര ശതമാനം തുകയാണ് വർദ്ധിപ്പിച്ചത്; നിലവിലുള്ള ഫീസ് എത്രയാണ്;

(ബി) നിരക്കുവർദ്ധന സാധാരണക്കാരായ കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) നിരക്ക് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യമെന്താണ്;

(ഡി) വിലക്കയറ്റവും മറ്റ് കാരണങ്ങളാലും പൊറുതിമുട്ടിയ സാധാരണജനങ്ങൾക്കു താങ്ങാവുന്നതല്ല ഫീസുവർദ്ധന എന്നതിനാൽ ഇതു പിൻവലിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതം</u>

1097 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൻകീഴിൽ 2012-2013-ലെ ബഡ്ജറ്റിൽ ഓരോ കണക്കിലും വകയിരുത്തിയ പദ്ധതി, പദ്ധതിയേതര തുക എത്ര;

(ബി) ഇതിൽ ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്ര ; വിശദാംശം നൽകാമോ ;

(സി) 2012-13 വർഷം വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏവ; ഇവ ഓരോന്നിനും വകയിരുത്തിയ തുകയും ഖജനാവിൽ നിന്ന് ചെലവഴിച്ചതുകയും എത്രയെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>തീരദേശമേഖലയിൽ ജവഹർ നവോദയ വിദ്യാലയങ്ങൾ</u>

T1098 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖലയിൽ ജവഹർ നവോദയ വിദ്യാലയങ്ങൾ ആരംഭിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളതായി അറിയുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച സാധ്യതാ പഠനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) തീരപ്രദേശ മണ്ഡലമായ താനൂരിൽ, ജവഹർ നവോദയ വിദ്യാലയം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സെറ്റ് പരീക്ഷാ സമ്പ്രദായ പരിഷ്ക്കരണം</u>

1099 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി/വൊക്കേഷൻ ഹയർ സെക്കണ്ടറി സ്കൂൾ നിയമനത്തിനായുള്ള യോഗ്യത പരീക്ഷയായ സെറ്റിന്റെ വിജയ ശതമാനത്തിൽ വർഷങ്ങളായി കുറവനുഭവപ്പെടുന്നതും, ചില വിഷയങ്ങളിൽ പരീക്ഷാർത്ഥികൾ കൂട്ടത്തോടെ തോല്ക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010-11, 2011-12, 2012-13 വർഷങ്ങളിലെ സെറ്റ് പരീക്ഷയുടെ വിജയശതമാനം ഓരോ വിഷയത്തിനും എത്ര; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള സെറ്റ് പരീക്ഷാ സമ്പ്രദായത്തിൽ കാലോചിതമായ പരിഷ്ക്കാരം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

വിദ്യാഭ്യാസ ജില്ല

1100 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഓരോ വിദ്യാഭ്യാസ ജില്ലയിലും സർക്കാർ, അൺ എയിഡഡ് എയിഡഡ് മേഖലയിലുള്ള അദ്ധ്യാപകർ, വിദ്യാർത്ഥികൾ, അനദ്ധ്യാപകർ എന്നിവരുടെ എണ്ണം വിശദമാക്കുമോ;

(ബി) ഓരോ വിദ്യാഭ്യാസ ജില്ലയിലുമുള്ള സർക്കാർ, എയിഡഡ്, അൺഎയിഡഡ് വിഭാഗത്തിലെ ഹൈസ്ക്കൂളുകൾ, ഹയർ സെക്കണ്ടറി സ്ക്കൂളുകൾ എന്നിവയുടെ എണ്ണം വിശദമാക്കുമോ;

(സി) ജനസംഖ്യാനുപാതികമായി പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) വിദ്യാർത്ഥി- അദ്ധ്യാപക അനുപാതത്തിൽ ജില്ലാ വിദ്യാഭ്യാ ഓഫീസുകൾ പുന:ക്രമീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഏകാധ്യാപക വിദ്യാലയങ്ങൾ</u>

1101 ശ്രീ. വർക്കല കഹാർ
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏകാധ്യാപക വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇത്തരത്തിലുള്ള എത്ര വിദ്യാലയങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ</u>

1102

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കുവേണ്ടി പൊതുവിദ്യാലയങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്;

(സി) പ്രസ്തുത വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനായി എത്ര അദ്ധ്യാപകരുണ്ട് എന്നും ഇവർ എത്ര വർഷമായി ജോലി ചെയ്യുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അദ്ധ്യാപകർക്ക് എത്ര രൂപ വേതനം ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) 10 വർഷത്തിലധികമായി കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് ശമ്പള സ്കെയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്കോളർഷിപ്പുകൾ</u>

1103 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കുന്ന വിവിധ സ്കോളർഷിപ്പുകൾ ഏതെല്ലാമെന്നും ആയത് ഓരോന്നിന്റെയും അർഹതയ്ക്കുള്ള മാനദണ്ഡവും മാർഗ്ഗരേഖയും എന്താണെന്നും വിശദമാക്കുമോ;

(ബി) ഓരോ സ്കോളർഷിപ്പിലും നൽകുന്ന തുക എത്രയാണെന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത സ്കോളർഷിപ്പുകൾ ഓരോന്നും ഏതേത് വകുപ്പുകൾ മുഖേനയാണ് കൈകാര്യം ചെയ്യുന്നതും വിതരണം ചെയ്യുന്നതും എന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പ് അദ്ധ്യയനവർഷം പ്രസ്തുത സ്കോളർഷിപ്പുകളിൽ ഓരോന്നിലും എത്ര പേർക്ക് ആനുകൂല്യം വിതരണം ചെയ്തുവെന്നും ഓരോ ഇനത്തിലും എത്ര തുക വിതരണം ചെയ്തുവെന്നും വിശദമാക്കുമോ;

(ഇ) വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളിൽ താരതമ്യേന ഏറ്റവും കുറഞ്ഞ സ്കോർഷിപ്പായി നൽകുന്ന ഇനം ഏതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്</u>

1104

ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ക്രമാതീതമായി വർദ്ധിച്ചുവരുന്നത് പരിഹരിക്കുന്നതിനുള്ള നടപടി ആലോചനകൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

2009 ലെ വിദ്യാഭ്യാസാവകാശ നിയമം

1105 ശ്രീ.വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009 ലെ വിദ്യാഭ്യാസാവകാശ നിയമപ്രകാരം വിദ്യാർത്ഥിയുടെ താമസസ്ഥലത്തിന്റെ ഒരു കി.മീ പരിധിയിൽ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളും 3 കി.മീ പരിധിയിൽ 6 മുതൽ 11 വരെയുള്ള ക്ലാസ്സുകളും ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമപ്രകാരം പ്രൈമറി വിദ്യാഭ്യാസ മേഖലയുടെ പുന:സംഘടന സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ഉച്ചഭക്ഷണ പദ്ധതി

1106 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്ക് വേണ്ടി ഓരോ കുട്ടിയ്ക്കും പ്രതിദിനം നൽകുന്നത് എത്ര രൂപ വീതമാണെന്ന് പറയാമോ; പ്രസ്തുത പദ്ധതിക്കു വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പണം നൽകുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ്; മറ്റേതെങ്കിലും തരത്തിലുള്ള ഫണ്ടുകൾ ഉച്ചഭക്ഷണ പദ്ധതിക്കുവേണ്ടി ലഭിക്കുന്നുണ്ടോ എന്നും വിശദമാക്കാമോ;

(ബി) സർക്കാരിന്റെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുവേണ്ടി നടപ്പു
സാമ്പത്തിക വർഷം ചെലവഴിച്ച തുക എത്രയാണെന്നു പറയാമോ; ഇതു സംബന്ധിച്ച ജില്ല തിരിച്ചുള്ളതും, എയ്ഡഡ്, സർക്കാർ വിദ്യാലയങ്ങൾ തിരിച്ചുള്ളതുമായ കണക്കുകൾ
ലഭ്യമാക്കുമോ;

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്നു വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുവേണ്ടി ഒരോ കുട്ടിക്കും അനുവദിക്കുന്ന തുക എന്തെല്ലാം കാര്യങ്ങൾക്കാണ് വിഭജിച്ചു പോകുന്നത് എന്ന് വ്യക്തമാക്കാമോ; ഓരോ കുട്ടിയ്ക്കും എന്തെല്ലാം ഭക്ഷണ സാധനങ്ങൾ എത്ര അളവു വീതമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഓരോ കുട്ടിയ്ക്കും വേണ്ടി അനുവദിക്കുന്ന തുക കൊണ്ട് ഉദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ കഴിയുമോ;

(എഫ്) തികച്ചും അപര്യാപ്തമായ ഈ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

എസ്.എസ്.എ പദ്ധതിക്ക് കേന്ദ്രസർക്കാർ അനുവദിച്ച തുക

1107 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ പദ്ധതിക്ക് 2011-2012 വർഷത്തിലും 2012-2013 വർഷത്തിലും കേന്ദ്രസർക്കാർ അനുവദിച്ച തുക എത്ര;

(ബി) ഇത് ഏതെല്ലാം പദ്ധതികൾക്കാണ് ചെലവഴിച്ചത്; വിശദമാക്കുമോ;

(സി) ഈ രണ്ട് വർഷങ്ങളിലും ഫണ്ടു മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ചെലവായതെത്ര; ചെലവഴിക്കാതെ ലാപ്സായതെത്ര?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകൾ

1108 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകൾ ആരംഭിച്ചിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും എത്ര കുട്ടികൾ ഈ പരീക്ഷ എഴുതുന്നുണ്ട് എന്നും എത്ര പേർ വിജയിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഇതിന്റെ നടത്തിപ്പിനായി ഓരോ വർഷവും എത്ര രൂപ ചെലവഴിക്കുന്നുണ്ട്;

(ഡി) പ്രസ്തുത പരീക്ഷയിൽ വിജയിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പായി എത്ര രൂപയാണ് നൽകുന്നതെന്നും ഇത് എങ്ങിനെയാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടിയുണ്ടാവുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>അക്കാദമിക് സിറ്റി</u>

1109 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അക്കാദമിക് സിറ്റി പദ്ധതി നടപ്പിലാക്കുകയുണ്ടായോ; എങ്കിൽ ഇതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിക്ക് 2012-13 ലെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; തുക മുഴുവൻ ചെലവഴിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ചെലവഴിച്ച തുക എത്ര; വിശദമാക്കുമോ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>തൊടുപുഴയിൽ നോളജ് സിറ്റി</u>

1110 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ നോളജ് സിറ്റി തൊടുപുഴയിൽ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം എപ്രകാരമായാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) ഇതിനായി 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാനായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; വകയിരുത്തിയ തുകയും ചെലവായ തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

തേയിലയുടെ ഗുണമേന്മ, നിലവാരനിർണ്ണയം എന്നിവ പഠിപ്പിക്കുന്ന കോഴ്സ്

1111 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തേയിലയുടെ ഗുണമേന്മ, നിലവാരനിർണ്ണയം എന്നിവ മുഖ്യവിഷയമായി പഠിപ്പിക്കുന്ന കോഴ്സുകൾ കേരള വിദ്യാഭ്യാസവകുപ്പിന് കീഴിൽ ഏതെങ്കിലും ജില്ലകളിൽ നടത്തുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അത്തരമൊരു കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തിരുത്തൽ</u>

1112 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുളളവർക്ക് ജനനതീയതി ഉൾപ്പടെയുളള തെറ്റുകൾ തിരുത്തുന്നതിന് കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തെറ്റുകൾ എത്രയും പെട്ടെന്ന് തിരുത്തി ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) പൊതുജന താല്പര്യം കണക്കിലെടുത്ത് എത്രയും പെട്ടെന്ന് എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തലുകൾ നടത്തി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കൻഡറി പരീക്ഷാഫീസ് വർദ്ധന</u>

1113 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കൻഡറി പരീക്ഷകളുടെയും സർട്ടിഫിക്കറ്റുകളുടെയും ഫീസ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, എത്ര ശതമാനമാണ് വർദ്ധനവെന്ന് അറിയിക്കുമോ;

(സി) വർദ്ധന വരുത്തിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർ സെക്കന്ററി ലയനം</u>

1114 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തെ പയർ സെക്കന്ററിയിൽ ലയിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടി എത് ഘട്ടത്തിലാണ്;

(സി) ഇത്തരം സാഹചര്യത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ ജീവനക്കാരുടെ പുനർവിന്യാസത്തെക്കുറിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

ഹയർ സെക്കന്ററി ബൈ ട്രാൻസ്ഫർ
പ്രൊവിഷണൽ ലിസ്റ്റ്

1115 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 7.11.2012 ലെ ഹയർ സെക്കന്ററി ഡയറക്ടറുടെ അറ.ആ2/2701/2008/ഒടഋ നമ്പർ ഉത്തരവ് അനുസരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള നിശ്ചിത അടിസ്ഥാന യോഗ്യത യുള്ളതും നിലവിൽ സർവ്വീസിലുള്ളതുമായ ഘജ/ഡജ/ഒട/ഒടട അദ്ധ്യാപകരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ജൂനിയർ/സീനിയർ കൊമേഴ്സ്വിഭാഗത്തിൽ ബി.കോം/എം.കോം/ബി.എഡ് കൊമേഴ്സ് വിഭാഗത്തിൽ/എം.എഡ് കൊമേഴ്സ്/സെറ്റ് പാസ്സായിട്ടുള്ളവരും മറ്റിതര വിഷയങ്ങളിൽ ഡിഗ്രിയും പി.ജി.യും ബി.എഡും എടുത്തു പാസ്സായിട്ടുള്ളവരും ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോമേഴ്സുമായി ബന്ധമില്ലാത്തവരെ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) നിലവിൽ സർവ്വീസിലുള്ള പ്രൊബേഷൻ കാലാവധി പൂർത്തീകരിച്ചിട്ടില്ലാത്ത കൊമേഴ്സ് അദ്ധ്യാപകരെ കൂടി ഉൾപ്പെടുത്തി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

## മലബാർ മേഖലയിൽ പുതിയ ഹയർ സെക്കൻഡറി സ്കൂളുകൾ

1116 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-2011 വർഷത്തിൽ മലബാർ മേഖലയിൽ എത്ര പുതിയ ഹയർ സെക്കൻഡറി സ്കൂളുകൾ അനുവദിച്ചുവെന്നും, എത്രയെണ്ണം ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ സർക്കാർ മേഖലയിൽ എത്രയെന്നും, എയ്ഡഡ് മേഖലയിൽ എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ധനകാര്യവകുപ്പിന്റെ അനുമതിയോടെയായിരുന്നോ പുതിയ സ്കൂളുകളും അഡീഷണൽ ബാച്ചുകളും അനുവദിച്ചതെന്നു വ്യക്തമാക്കുമോ;

(ഇ) പുതുതായി അനുവദിച്ച സ്കൂളുകളിലേയ്ക്ക് എത്ര അദ്ധ്യാപക തസ്തികകൾ (ജൂനിയർ, സീനിയർ) ആവശ്യമുണ്ടെന്നും, എത്ര തസ്തികകൾ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) അഡീഷണൽ ബാച്ചുകളിലേയ്ക്ക് എത്ര തസ്തികകൾ ആവശ്യമുണ്ടെന്നും, എത്രയെണ്ണം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ജി) എത്ര സ്കൂളുകളിൽ സയൻസ് ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നും, എത്ര ലാബ് അസിസ്റ്റന്റുമാരുടെ തസ്തികകൾ ആവശ്യമുണ്ടെന്നും, എത്ര തസ്തികകൾ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ഹയർസെക്കണ്ടറി സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം</u>

1117 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിമിത സൗകര്യങ്ങളുള്ള ഹൈസ്കൂളുകളിൽ ഹയർസെക്കണ്ടറി അനുവദിച്ചപ്പോൾ ഭൗതിക ചുറ്റുപാടുകളിൽ മാറ്റം വരുത്താത്തത് പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികളേയും അധ്യാപകരേയും ദോഷകരമായി ബാധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) വൊക്കേഷണൽ ഹയർസെക്കണ്ടറി, ഹയർസെക്കണ്ടറി വിഭാഗങ്ങൾക്ക് കെട്ടിടനിർമ്മാണം, ലബോറട്ടറി നിർമ്മാണം, ലൈബ്രറി, കളിസ്ഥലം എന്നിവയുടെ നിർമ്മാണം എന്നിവയ്ക്ക് ബഡ്ജറ്റ് വിഹിതമായി നടപ്പു സാമ്പത്തിക വർഷം എന്തുതുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ചെറിയഴിക്കൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ</u>

1118 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചെറിയഴിക്കൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ സുനാമി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിൽ പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾ</u>

1119 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ, പ്ലസ് ടു കോഴ്സുകളും ബാച്ചുകളും ആരംഭിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പ്ലസ് 2 കോഴ്സുകൾ അനുവദിക്കാൻ നടപടി</u>

1120 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര വടക്ക്, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തുകളിൽ, സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും +2 സ്കൂളുകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുന്നപ്ര പറവൂർ ഗവൺമെന്റ് ഹൈസ്കൂളിലും, കാക്കാഴം ഗവൺമെന്റ് ഹൈസ്കൂളിലും അടുത്ത അദ്ധ്യയന നവർഷം +2 കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പ്ലസ് വൺ കോഴ്സ്</u>

1121 ശ്രീ. സി.ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 അദ്ധ്യയന വർഷത്തിൽ പ്ലസ് വൺ കോഴ്സിന് എത്ര അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം സ്കൂളുകളിലാണെന്നും അറിയിക്കാമോ;

(ബി) എത്ര സീറ്റുകളാണ് അനുവദിച്ചതെന്നും അതിൽ എത്ര സീറ്റിൽ അഡ്മിഷൻ നൽകിയെന്നും അറിയിക്കാമോ;

(സി) ഈ സ്കൂളുകളിൽ എത്ര അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

മേപ്പാടി ഗവൺമെന്റ് ഹൈസ്കൂളിന്റെ ശോചന്യാവസ്ഥ

1122 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മേപ്പാടി ഗവൺമെന്റ് ഹൈസ്കൂളിന്റെ ശോചന്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളിൽ ഡിവിഷനുകൾക്ക് ആനുപാതികമായി ക്ലാസ്സ് മുറികൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

നൂറനാട് സി.ബി.എം സ്കൂളിലെ അദ്ധ്യാപക നിയമനങ്ങൾ

1123 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറനാട് സി.ബി.എം ഹൈസ്കൂളിൽ നിലവിൽ ജോലിചെയ്തു വരുന്ന എത്ര അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ച് ശമ്പളം ലഭിക്കുവാനുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ശമ്പളം ലഭിക്കാത്തതുമൂലം പ്രസ്തുത അദ്ധ്യാപകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്കൂളിലെ നിയമനവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള എ3/47493/12, എച്ച്2/59452/12 എന്നീ നമ്പരുകളിലുള്ള ഫയലിൻമേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ നിയമനം അംഗീകരിച്ച് ശമ്പളം ലഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പ്രീ പ്രൈമറി അദ്ധ്യാപകരുടെ നിലവിലുള്ള യോഗ്യത</u>

1124 ശ്രീ. എസ്.ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രീ പ്രൈമറി അദ്ധ്യാപകരുടെ നിലവിലുള്ള യോഗ്യത എന്തെന്നും, നിലവിലുള്ള എല്ലാ അദ്ധ്യാപകരും പ്രസ്തുത യോഗ്യത ഉള്ളവരാണോ എന്നും വ്യക്തമാക്കുമോ;

(ബി) പ്രീ പൈമറി അദ്ധ്യാപകരാകുന്നതിന് നിലവിലുള്ള സിലബസ് എന്തെന്ന് വിശദമാക്കുമോ; സിലബസിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

പ്രീ -പ്രൈമറി അധ്യാപകരുടെ വേതനം

1125 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രീ-പ്രൈമറി അധ്യാപകർ, ആയമാർ എന്നിവർക്ക് മെച്ചപ്പെട്ട ശമ്പളം നൽകണമെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) പ്രീ-പ്രൈമറി സ്കൂൾ അധ്യാപകർക്ക് പുതുക്കി നിശ്ച യിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണ്; വർഷങ്ങ ളായി പ്രീ-പ്രൈമറി അധ്യാപക ജോലി ചെയ്യുന്ന പുതുക്കി നിശ്ചയിച്ച യോഗ്യത ഇല്ലാത്തവർക്കും മെച്ച പ്പെട്ട വേതനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരി ക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പ്രീ-പ്രൈമറി അദ്ധ്യാപകരുടെ ശമ്പളം</u>

1126 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രീ - പ്രൈമറി അധ്യാപകർക്ക് നിലവിൽ നൽകിവരുന്ന ശമ്പളം എത്രയാണ്;

(ബി) വർഷങ്ങളായി പ്രീ-പ്രൈമറി അദ്ധ്യാപകരായി ജോലി ചെയ്ത് വരുന്നതും എന്നാൽ, ഇപ്പോൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിശ്ചിത യോഗ്യത ഇല്ലാത്തവരുമായ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് പുതുതായി നിശ്ചയിച്ച ഓണറേറിയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പ്രീ പ്രൈമറി അദ്ധ്യാപികമാരുടെ എണ്ണം</u>

1127 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ പ്രൈമറി അദ്ധ്യാപികമാരായി ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ബഹു. സുപ്രീം കോടതി വിധി അനുസരിച്ചുള്ള ആനുകൂല്യം നൽകുന്ന അദ്ധ്യാപികമാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രീ പ്രൈമറി അദ്ധ്യാപികമാരിൽ എത്ര പേർക്കാണ് ശമ്പളം നിഷേധിച്ചിട്ടുള്ളത് എന്ന് വ്യക്താമാക്കാമോ;

(ഡി) ശമ്പളം നിഷേധിക്കുന്നതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പ്രീ പ്രൈമറി അദ്ധ്യാപകര്‍</u>

1128 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എയിഡഡ്, സര്‍ക്കാര്‍ മേഖലയിലെ പ്രീ പ്രൈമറി സ്കൂളുകളില്‍ നിലവില്‍ എത്ര അദ്ധ്യാപകര്‍ ജോലി ചെയ്യുന്നുണ്ട്;

(ബി) നിലവില്‍ പ്രീ പ്രൈമറി അദ്ധ്യാപകര്‍ക്ക് ആര്‍ക്കെങ്കിലും ശമ്പളം ലഭിക്കാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ശമ്പളം ലഭ്യമാക്കാന്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

1129 ശ്രീ.എ. കെ. ബാലൻ
,, ഇ. പി. ജയരാജൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; എത്ര സ്കൂളുകൾ എയ്ഡഡ് പദവിക്കായി അപേക്ഷിച്ചിട്ടുണ്ട്; അവയിൽ പ്രവർത്തിച്ചുവരുന്നവ എത്ര;

(ബി) കേന്ദ്ര സർക്കാരിന്റെ മേഖലാ തീവ്ര വികസന പരിപാടി (ഏര്യ ഇന്റൻസീവ് ഡെവലപ്മെന്റ് പ്രോഗ്രാം) അനുസരിച്ച് ആരംഭിച്ച് പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ സർക്കാരിന് ഉദ്ദേശമുണ്ടോ; ഇക്കാര്യം മന്ത്രിസഭ ചർച്ച ചെയ്യുകയുണ്ടായോ; തീരുമാനം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത സ്കൂളുകൾ ഏറ്റെടുക്കാൻ 2012 ജൂൺ 13 ന് മന്ത്രിസഭ തീരുമാനിക്കുകയും വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി ഇക്കാര്യം വെളിപ്പെടുത്തുകയും ചെയ്തിരുന്നുവോ;

(ഡി) സ്കൂളുകൾ ആരംഭിക്കാൻ കെട്ടിടനിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടായിരുന്നുവോ;

(ഇ) സർക്കാർ ശമ്പളം നൽകിവരുന്ന സാഹചര്യത്തിൽ ഈ സ്കൂളുകൾ എത്രയും വേഗം ഏറ്റെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; പ്രസ്തുത സ്കൂളുകളിലെ ഒഴിവുകളിലേക്കുളള പുതിയ നിയമനങ്ങൾ ആര് നടത്തും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർ</u>

1130 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭാരത് സേവക് സമാജ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള ശമ്പളം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് സർക്കാർ നിരക്കിലുള്ള ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പ്രീപ്രൈമറി അദ്ധ്യാപകരുടെ വേതനം</u>

1131 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവൺമെന്റ്-എയിഡഡ് മേഖലയിലെ പ്രീപ്രൈമറി ടീച്ചേഴ്സിന് വേതനമായി നിലവിൽ എത്ര തുകയാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിഭാഗത്തിന് വേതനം ഇനത്തിൽ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എത്ര തുകയാണെന്നും വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ പ്രീപ്രൈമറി ടീച്ചേഴ്സിന്റെ വേതനം വർദ്ധിപ്പിച്ചു നൽകുന്നത് സംബന്ധിച്ച് ഏതെങ്കിലും കോടതിവിധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കോടതി നിർദ്ദേശം നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>വെഞ്ഞാറമൂട് ഗവൺമെന്റ് എൽ. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യൽ</u>

1132 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് ഗവൺമെന്റ് എൽ.പി സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതുകൊണ്ട് എന്തെങ്കിലും അധിക സാമ്പത്തികബാധ്യത ഉണ്ടാകുമോ;

(ഡി) പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

1133 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകൾക്ക് എയ്ഡഡ് പദവി ലഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളാക്കി ഉയർത്തുന്നതിന് എത്ര സ്കൂളുകളുടെ അപേക്ഷ ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും, അവയുടെ മാനേജർമാർ ആരാണെന്നും ജില്ലതിരിച്ചു വ്യക്തമാക്കുമോ;

(സി) ഇപ്പോൾ മലബാർ മേഖലയിലെ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) എങ്കിൽ, പൊതുവിദ്യാഭ്യാസവകുപ്പ് ശുപാർശ ചെയ്തിട്ടുള്ള പ്രസ്തുത സ്കൂളുകൾ എത്രയെണ്ണമാണെന്നും അവയുടെ മാനേജർമാർ ആരാണെന്നും അവ എപ്പോഴാണ് സ്ഥാപിതമായതെന്നും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സർക്കാർ ശമ്പളവും ആനുകൂല്യങ്ങളും നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത സ്കുളുകളിലെ അദ്ധ്യാപകർക്കുമാത്രം സർക്കാർ ശമ്പളം നൽകുവാനും, എയ്ഡഡ് പദവി നൽകുവാനും ശുപാർശ ചെയ്യുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂളുകൾ</u>

1134 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയെന്നുള്ള വിവരം നൽകുമോ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; ഇപ്രകാരം നൽകിയ സ്കൂളുകളുടേയും മാനേജ്മെന്റുകളുടേയും വിവരങ്ങൾ നൽകുമോ;

(ബി) മലപ്പുറം ജില്ലയിൽ 33 സ്കൂളുകൾക്ക് സർക്കാർ എയ്ഡഡ് പദവി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) എയ്ഡഡ് പദവി നൽകി സർക്കാർ ഉത്തരവിറക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; ഈ മാനദണ്ഡങ്ങൾ പാലിച്ചു തന്നെയാണോ എയ്ഡഡ് സ്കൂളുകളാക്കി മാറ്റുന്നത്; പ്രസ്തുത നിബന്ധനകളുടെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

അൺഎയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്കുളള വേതനം

1135 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് സർക്കാർ നിഷ്കർച്ചിട്ടുളള വേതനം ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുളളത്;

(ബി) അൺഎയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് സർക്കാർ എന്തെങ്കിലും ജോലി സ്ഥിരത ഉറപ്പു വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിക്കുന്ന എയ്ഡഡ് സ്കൂളുകൾ</u>

1136 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എയ്ഡഡ് സ്കൂളുകൾ ആരംഭിക്കാൻ തിരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, എത്ര സ്കൂളുകൾ, എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പുതുതായി ആരംഭിക്കുന്ന സ്കൂളുകളുടെ ആവർത്തന അനാവർത്തന ചെലവുകൾക്കായി പ്രതിവർഷം സർക്കാർ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിക്കേണ്ടിവരുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം</u>

1137 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് എത്ര അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകി എന്നു വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ, സ്കൂളിന്റെ പേര്, അംഗീകാരം നൽകിയ തീയതി എന്നിവ ഉൾപ്പെടെ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയില്‍ വിദ്യാലയങ്ങള്‍ക്ക്
അണ്‍എയിഡഡ് പദവി</u>

1138 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം കാസര്‍ഗോഡ് ജില്ലയില്‍ എത്ര വിദ്യാലയങ്ങള്‍ക്ക് അണ്‍ എയിഡഡ് പദവി നല്‍കിയിട്ടുണ്ടെന്നും ഈ വിദ്യാലയങ്ങള്‍ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പടന്ന ഐ.സി.ടി വിദ്യാലയത്തിന് അണ്‍ എയിഡഡ് പദവി നല്‍കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>അൺ എക്കണോമിക് സ്കൂളുകൾ</u>
<u>നിർത്തലാക്കുന്ന നടപടി</u>

1139 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അൺ ഇക്കണോമിക് സ്കൂളുകൾ നിലവിലുണ്ട് എന്നും ഇത് ഏതെല്ലാമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെങ്കിലും സ്കൂളുകൾ നിർത്തലാക്കുന്നതിന് എന്തെങ്കിലും നീക്കം നടക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ആദായകരമല്ലാത്ത സ്കൂളുകള്‍</u>

1140 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദായകരമല്ലാത്ത സ്കൂളുകള്‍ എന്നതിന്റെ നിര്‍വ്വചനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ആദായകരമല്ലാത്ത സ്കൂളുകളിലെ വിദ്യാര്‍ത്ഥികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇപ്പോള്‍ ആദായകരമല്ലാത്ത എത്ര സ്കൂളുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>അൺ ഇക്കണോമിക് സ്കൂളുകൾ</u>

1141 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ ഇക്കണോമിക് സ്കൂളുകളുടെ ഏതെങ്കിലും സ്കൂൾ സ്ഥലവും കെട്ടിടവും മറ്റേതെങ്കിലും ഡിപ്പാർട്ട്മെന്റിനോ വിദ്യാഭ്യാസ വകുപ്പിന്റെ മറ്റ് ആവശ്യങ്ങൾക്കോ കൈമാറുന്നതിനോ താൽക്കാലിക ആവശ്യത്തിന് കൊടുക്കുന്നതിനോ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് ഏതെല്ലാമാണെന്നും ഇതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

## സ്കൂൾ കലോത്സവം

1142

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതലത്തിൽ നടക്കുന്ന സ്കൂൾ കലോത്സവം, കായികമേള, ശാസ്ത്രമേള എന്നിവ മധ്യവേനലവധിക്കാലത്ത് നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇത്തരത്തിലുള്ള മേളകൾ മധ്യവേനലവധിയിൽ നടത്തുന്നതുമൂലം അദ്ധ്യായനത്തിന് കൂടുതൽ ദിവസങ്ങൾ ലഭിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇക്കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സാമ്പത്തിക പ്രയാസം മൂലം കലാപഠനം വഴിമുട്ടിയ സ്കൂൾ കലോത്സവപ്രതിഭകളെ സഹായിക്കാൻ പദ്ധതി</u>

1143 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രയാസം മൂലം കലാപഠനം വഴിമുട്ടിയ സ്കൂൾ കലോത്സ പ്രതിഭകളെ സഹായിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി, ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്;

(ഡി) ഇതിനായി, എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സ്കൂൾ കലോൽസവത്തിൽ, മത്സരാർത്ഥികളുടെ അപ്പീൽ</u>

1144 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സ്കൂൾ കലോത്സവത്തിൽ മത്സരാർത്ഥികളുടെ അപ്പീലുകളുടെ എണ്ണത്തിൽ, ക്രമാതീതമായ വർദ്ധനയുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, വർദ്ധനയ്ക്കുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) അപ്പീലുകളുമായി ബന്ധപ്പെട്ട് ഇടനിലക്കാർ രംഗപ്രവേശം ചെയ്തതു സംബന്ധിച്ച് അഴിമതിയാരോപണം ഉയർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി) ഈ വർഷം മൊത്തം എത്ര അപ്പീലുകളാണ് അനുവദിച്ചത്; അപ്പീലിൽ അനുവദിച്ചത്പ്രകാരം മത്സരിച്ച എത്ര പേർ വിജയികളായി?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പിന്നോക്ക കലാകേന്ദ്രം</u>

1145 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേണ്ടത്ര സാമ്പത്തിക ശേഷിയില്ലാത്തതുകൊണ്ട് പാവപ്പെട്ട പല വിദ്യാർത്ഥികൾക്കും കലോത്സവങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കഴിവുള്ളവർ പിന്നോക്കം പോവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാ;

(സി) കഴിവുള്ള പാവപ്പെട്ട കുട്ടികൾക്ക് കലാപരമായി മുന്നേറാൻ എന്തെങ്കിലും സഹായം നൽകുമോ;

(ഡി) പാവപ്പെട്ട വിദ്യാർത്ഥികളുടെ കലാപരമായ മുന്നേറ്റത്തിന് വിവിധ കലാമേഖലകളിൽ പരിശീലനം നൽകുന്നതിന് വേണ്ടി ഒരു ''പിന്നോക്ക കലാകേന്ദ്രം'' കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ;

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്കൂള്‍ കായികമേളയിലെ വിജയികളുടെ വിശദവിവരങ്ങള്‍</u>

1146 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സ്കൂള്‍ കായികമേള, (അത്ലറ്റിക്സ്) സ്കൂള്‍ ഗെയിംസ്, ടെക്നിക്കല്‍ ഹൈസ്കൂള്‍ കായിക മേള എന്നിവയില്‍ സംസ്ഥാന മത്സരത്തില്‍ കോഴിക്കോട് ജില്ലയില്‍ നിന്ന് പങ്കെടുത്ത് വിജയികളായവരുടെ പേര് വിവരം, വിലാസം, സ്കൂള്‍ വിലാസം, പങ്കെടുത്ത് വിജയിച്ച ഇനം മുതലായ വിവരങ്ങള്‍ വിശദമാക്കുമോ; ഇവരുടെ സമ്പൂര്‍ണ്ണ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) സംസ്ഥാന സ്കൂള്‍ കലാമേള, ടെക്നിക്കല്‍ ഹൈസ്കൂള്‍ കലാമേള, മറ്റ് സംസ്ഥാനതല മേളകള്‍ എന്നിവയില്‍ കോഴിക്കോട് ജില്ലയെ പ്രതിനിധീകരിച്ചു പങ്കെടുത്ത് വിജയിച്ചിട്ടുള്ള മുഴുവന്‍ വിദ്യാര്‍ത്ഥികളുടെയും പേര്, വിലാസം, സ്കൂള്‍, പങ്കെടുത്ത് വിജയിച്ച ഇനം, മത്സരത്തില്‍ ലഭിച്ച സ്ഥാനം/അംഗീകാരം മുതലായവയുടെ സമ്പൂര്‍ണ വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

സംസ്ഥാന സ്ക്കൂൾ കലോത്സവം

1147 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 53-ാമത് സംസ്ഥാന സ്ക്കൂൾ കലോത്സവത്തിൽ അപ്പീൽവഴി എന്ത് തുക പിരിഞ്ഞുകിട്ടിയെന്നും, എത്ര കുട്ടികളാണ് അപ്പീൽവഴിപങ്കെടുത്തതെന്നും, കോടതി വഴി എത്ര അപ്പീലുകൾ വന്നുവെന്നും, ഏത് ഇനങ്ങൾക്കാണ് അപ്പീലുകൾ കൂടുതലായി വന്നതെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനതല അപ്പീലിന് ഫീസിനത്തിൽ എത്ര രൂപയാണ് ഈടാക്കുന്നതെന്നും ഫീസ് കുത്തനെകൂട്ടിയതു വഴി അപ്പീലുകളുടെ എണ്ണം കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) സാമ്പത്തിക പ്രയാസംമൂലം കലാ പഠനംവഴിമുട്ടിനിൽക്കുന്ന വിവിധ സർക്കാർ/എയ്ഡഡ് സ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അവരുടെ കലാ പഠനം മെച്ചമാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാന കലോത്സവത്തിനെത്തുന്ന കുട്ടികളിൽ സാമ്പത്തിക സഹായം അർഹിക്കുന്നവരെ നിർദ്ദേശിക്കുവാൻ അദ്ധ്യാപകർക്കും മാധ്യമങ്ങൾക്കും അവസരം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) അടുത്ത സംസ്ഥാന കലോത്സവം മുതൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെകൂടി കണ്ടെത്തി സംസ്ഥാന കലോത്സവത്തിൽ അവരെയുംകൂടി പങ്കെടുപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) സംസ്ഥാന കലോത്സവത്തിന് മുന്നോടിയായി നടത്തിയ തിരുവനന്തപുരം ജില്ലാ റവന്യൂ കലോത്സവത്തിൽ വിളമ്പിയ 'ഭക്ഷണത്തിൽ പുഴു' വന്ന വാർത്ത റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ മാധ്യമപ്രവർത്തകരെ, അദ്ധ്യാപക സംഘടനാ പ്രവർത്തകർ ക്രൂരമായി മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം എത്ര മാധ്യമ പ്രവർത്തകരാണ് ആശുപത്രിയിലായ

തെന്നും അവര്‍ ആരെല്ലാമെന്നും, ഏതൊക്കെ മാധ്യമ ത്തില്‍ ജോലി ചെയ്യുന്നവരെന്നും, മാധ്യമപ്രവര്‍ത്തകര്‍ക്ക് എത്ര രൂപയുടെ നഷ്ടം സംഭ വിച്ചുവെന്നും, പ്രസ്തുത നഷ്ടം എപ്രകാരമാണ് തീര്‍ക്കാന്‍ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(ജി) പ്രസ്തുത മാധ്യമ പ്രവര്‍ത്തകരെ ക്രൂരമായി മര്‍ദ്ദിച്ച അദ്ധ്യാപക സംഘടനാ പ്രവര്‍ത്തകര്‍ക്കെതിരെ കേസ്സ് രജിസ്റ്റര്‍ ചെയ്തിട്ടുണ്ടോയെന്നും അവര്‍ ആരെല്ലാ മാണെന്നും ഇവര്‍ക്കെതിരെ എന്തൊക്കെ വകുപ്പുതല നട പടികള്‍ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സ്ക്കൂൾ കലോത്സവം</u>

1148 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്ക്കൂൾ കലോൽസവത്തിൽ, നിലവിൽ എത്ര ഇനങ്ങളാണുള്ളത്;

(ബി) കലോൽസവ വിജയികൾക്കുള്ള സമ്മാന തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ, എത്രത്തോളം വർദ്ധനവ് വരുത്താനാണുദ്ദേശിക്കുന്നത്;

(ഡി) കലാതിലകം, കലാപ്രതിഭാപട്ടങ്ങൾ പുന:സ്ഥാപിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സ്കൂള്‍ കലോത്സവത്തിലെ മത്സാര്‍ത്ഥികളുടെ എണ്ണം</u>

1149 ശ്രീ. എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സ്കൂള്‍ കലോത്സവത്തില്‍ അപ്പീല്‍ മുഖേന മത്സരാര്‍ത്ഥികളുടെ എണ്ണം വര്‍ദ്ധിക്കുന്നത് മത്സരങ്ങളുടെ നിലവാരത്തെ ബാധിക്കുമെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) അപ്പീല്‍ ഉത്തരവുമായി വരുന്നത് കലോത്സവത്തിന്റെ രജിസ്ട്രേഷന്‍ തുടങ്ങുന്നതിന് മുന്‍പായിരിക്കണം എന്ന വ്യവസ്ഥ, കലോത്സവ നിയമാവലിയില്‍ ഉള്‍പ്പെടുത്തുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്കൂൾ കലോൽസവങ്ങളിലെ പ്രതിഭകൾക്കുള്ള ക്യാഷ് അവാർഡ്</u>

1150 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോൽസവങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കുന്ന പ്രതിഭകൾക്ക് 10,000/- രൂപ, 5,000 രൂപ/- 2,000/- രൂപ എന്നതോതിൽ ക്യാഷ് അവാർഡ് നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ നൽകിവരുന്ന തുക തീരെ അപര്യാപതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മലപ്പുറം സ്കൂൾ കലോത്സവം</u>

1151 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ മലപ്പുറത്ത് നടന്ന 53-ാമത് സ്കൂൾ കലോത്സവം വിജയമാക്കുന്നതിന് പ്രവർത്തിച്ച പ്രധാന ഘടകങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ കലോത്സവങ്ങളെ അപേക്ഷിച്ച് മത്സരവിജയികൾക്കുള്ള പ്രൈസ്മണി വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ, വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ആപ്പീലുകളുടെ ആധിക്യം മത്സരസമയക്രമങ്ങളെ സാരമായി ബാധിക്കുന്നതിനാൽ വരുംവർഷങ്ങളിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം റവന്യൂ ജില്ലാ കലോത്സവം</u>

1152 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റവന്യൂ ജില്ലാ കലോത്സവം റിപ്പോർട്ട് ചെയ്യാൻ വന്ന മാധ്യമ പ്രവർത്തകരെ ചില അദ്ധ്യാപകർ മർദ്ദിച്ച് പരുക്കേൽപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കലോത്സവവേദിയിൽ വിദ്യാർത്ഥികൾക്ക് വിളമ്പിയ ഭക്ഷണത്തിൽ പുഴുവിനെ കണ്ടകാര്യം റിപ്പോർട്ട് ചെയ്യാൻ ശ്രമിച്ചതാണ് മർദ്ദനത്തിന് ആധാരമായ കാര്യം എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ, അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ, എന്താണ് കണ്ടെത്തൽ;

(സി) കലോത്സവത്തിൽ ഭക്ഷണം നൽകുന്നതിന് ഏത് ഏജൻസിയെ ആണ് ഏൽപ്പിച്ചിരുന്നത്; ഇവർക്ക് കാറ്ററിംഗിനുള്ള ലൈസൻസ് ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ, ലൈസൻസില്ലാത്ത കാറ്ററിംഗ് ഏജൻസിയെ ഭക്ഷണം നൽകുന്നതിനുള്ള ചുമതല ഏൽപ്പിച്ച അധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ; ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് അറിയിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>അധ്യാപകരുടെ എണ്ണം</u>

1153 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ -എയിഡഡ് സ്കൂൾ തലത്തിൽ, പ്രൈമറിതലം മുതൽ ഹയർസെക്കന്ററി തലം വരെ ആകെ എത്ര അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ, പുരുഷൻമാരുടെയും സ്ത്രീകളുടെയും കണക്കുകൾ വെവ്വേറെ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർ</u>

1154 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2005-നുശേഷം എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും നിയമനാംഗീകാരം ലഭിക്കാതിരിക്കുകയും എന്നാൽ രണ്ടുവർഷത്തിനുശേഷം വിദ്യാർത്ഥി അനുപാതം കുറഞ്ഞതിനാൽ ജോലി നഷ്ടപ്പെടുകയും ചെയ്ത അദ്ധ്യാപകർ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അദ്ധ്യാപകരെക്കൂടി പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി നിയമനാംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>നായ്ക്കുരണപ്പൊടിപ്രയോഗം</u>

1155 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, ജീവനക്കാർ നടത്തിയ സമരം വിജയിപ്പിക്കുന്നതിന് അദ്ധ്യാപകർ, നായ്ക്കുരണപ്പൊടി വിതറി എന്നു പറയപ്പെടുന്ന സംഭവത്തിന്റെ നിജസ്ഥിതി എന്താണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) നായ്ക്കുരണപ്പൊടിപ്രയോഗത്തിൽ, എത്ര കുട്ടികളാണ് വിഷമാവസ്ഥയിലായത്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇപ്രകാരം കൊച്ചുകുട്ടികൾക്കുനേരെ മനുഷ്യത്വരഹിതമായ സമീപനം അദ്ധ്യാപകരിൽ നിന്നുണ്ടായിട്ടുണ്ടെങ്കിൽ മാതൃകാപരമായ ശിക്ഷണനടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പാര്‍ട്ട് ടൈം അദ്ധ്യാപകരുടെ കാഷ്വല്‍ ലീവ്</u>

1156 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ വിവിധ സ്കൂളുകളില്‍ സേവനമനുഷ്ഠിച്ചു വരുന്ന പാര്‍ട്ട് ടൈം അദ്ധ്യാപകര്‍ക്ക് അനുവദിച്ചിരുന്ന കാഷ്വല്‍ ലീവ് ഒരു അദ്ധ്യയന വര്‍ഷത്തില്‍ എത്ര എണ്ണമായിരുന്നു; ഇപ്പോള്‍ അവധികളുടെ എണ്ണം എത്ര;

(ബി) കാഷ്വല്‍ അവധികളുടെ എണ്ണം ഗണ്യമായി വെട്ടിക്കുറച്ചതിനു കാരണം വ്യക്തമാക്കാമോ ;

(സി) ഈ വിഭാഗം ജീവനക്കാര്‍ക്ക് കാഷ്വല്‍ അവധി കൂടാതെ മറ്റെന്തെങ്കിലും ലീവാനുകൂല്യങ്ങള്‍ ലഭിച്ചു വരുന്നുണ്ടോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സോഷ്യൽ സയൻസ് ടീച്ചറുടെ നിയമനം</u>

1157 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെട്ട തിരുവല്ല ഇരവിപേരൂർ സെന്റ്ജോൺ ഹൈസ്കൂളിലെ ടീച്ചറുടെ 20/9/2010 മുതലുളള സോഷ്യൽ സയൻസ് നിയമനം അംഗീകരിക്കാത്തത് എന്ത് കൊണ്ട് ആണ് എന്ന് വ്യക്താമാക്കുമോ;

(ബി) നിയമനം അംഗീകരിച്ച് ശമ്പളം ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലവിലുളള A3/34999/11 നമ്പർ ഫയലിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>അദ്ധ്യാപികയെ സർവീസിൽ</u>
<u>തിരിച്ചെടുക്കുന്നതിനുള്ള നടപടി</u>

1158 ശ്രീ.സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കോട്ട് ധരിക്കാത്തതിന്റെ പേരിൽ, മലപ്പുറം ജില്ലയിലെ അരീക്കോട് ജംഇയ്യത്തുൽ മുജാഹിദ്ദീൻ ട്രസ്റ്റിനു കീഴിലെ സുല്ലമുസ്സലാം ഓറിയന്റൽ സ്കൂളിൽ നിന്ന് പുറത്താക്കിയ അദ്ധ്യാപികയെ തിരിച്ചെടുക്കുന്നതിന് ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ;

(ബി) ഹൈക്കോടതി ഉത്തരവ് വന്നത് എന്നാണ്; ഉത്തരവിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപികയെ മാനേജ്മെന്റ് തിരിച്ചെടുക്കുകയുണ്ടായോ;

(സി) ഈ വിഷയത്തിൽ സർക്കാർ, ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

പിരിട്ടുവിട്ട കായികാദ്ധ്യാപകനെതിരെ സ്വീകരിച്ച റവന്യൂ റിക്കവറി

1159 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര, വിദ്യാഭ്യാസ ജില്ല ആർ.എൻ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ, കായികാദ്ധ്യാപകനായിരുന്ന ശ്രീ. കെ. പ്രദീപനെതിരെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ച വിദ്യാഭ്യാസ ഉപ ഡയറക്ടർക്കെതിരായി, സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അദ്ധ്യാപകന്റെ വിഷയം സംബന്ധിച്ച് നിയമസഭയിൽ തെറ്റായ മറുപടി നൽകാൻ ഇടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കരാർ നിയമനങ്ങൾക്കുള്ള എഴുത്തുപരീക്ഷ</u>

1160 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.റ്റി.യിലെയും ഓപ്പൺ സ്കൂളിലെയും കരാർനിയമനങ്ങൾക്കുള്ള എഴുത്തുപരീക്ഷയ്ക്കു ചോദ്യങ്ങൾ തയ്യാറാക്കാനായി രഹസ്യസ്വഭാവം ഇല്ലാത്ത ശില്പശാല നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇംഗ്ലീഷ്, മലയാളം, ഇന്ത്യാചരിത്രം, അടിസ്ഥാനശാസ്ത്രം, കണക്ക്, പൊതുവിജ്ഞാനം, ആനുകാലികസംഭവങ്ങൾ തുടങ്ങിയ വിഭാഗങ്ങളിലെ ചോദ്യകർത്താക്കൾ ഒരുമിച്ചിരുന്നാണ് ശില്പശാലയിൽ ചോദ്യങ്ങൾ തയ്യാറാക്കിയതെന്നും, രഹസ്യസ്വഭാവം നഷ്ടപ്പെടുത്തി പരീക്ഷ പ്രഹസനമാക്കിയെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുതശില്പശാലയിൽ എത്രപേർ പങ്കെടുത്തുവെന്നും, ഓണറേറിയം, റ്റി.എ. എന്നീ ഇനങ്ങളിലായി എത്ര രൂപ ചെലവഴിച്ചുവെന്നും, ഈ പരീക്ഷയുമായി ബന്ധപ്പെട്ട് എന്തു തുക സർക്കാരിനു ചെലവഴിക്കേണ്ടിവന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ പരസ്യമായി ചോദ്യങ്ങൾ തയ്യാറാക്കി നടത്തുന്ന പരീക്ഷകൾ, സംസ്ഥാനത്തു കാലങ്ങളായി നല്ലരീതിയിൽ നടക്കുന്ന പൊതുവിജ്ഞാനപരീക്ഷകളെ മോശമായി ചിത്രീകരിക്കുന്നതിനു തുല്യമാകുമെന്നു കരുതുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>അനദ്ധ്യാപക തസ്തികകളിൽ നിയമനം</u>

1161 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ, 2009 മുതൽ നിയമനാംഗീകാരം ലഭിക്കേണ്ട 248 അനദ്ധ്യാപകരെ സർക്കാർ അവഗണിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2009-10, 2010-11 വർഷങ്ങളിൽ നിയമനം ലഭിച്ച അനദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകണമെന്ന പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2006 മുതൽ കുട്ടികൾ കുറവായതിനാൽ പുറത്താകേണ്ടി വന്ന അനദ്ധ്യാപകരുടെ സംരക്ഷണം ഇതേവരെ ഏറ്റെടുത്തിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) 1998-ൽ 211 എയ്ഡഡ് സ്കൂളുകൾ ഹയർ സെക്കന്ററിയായി ഉയർത്തിയപ്പോൾ ഒരു സ്കൂളിൽ നാലു ലാബ് അസിസ്റ്റന്റുമാരെ നിയമിക്കുകയും എന്നാൽ, 1998 മുതൽ 2003 വരെയുള്ള മുൻകാല പ്രാബല്യമോ, ആനുകൂല്യ കുടിശ്ശികയോ നൽകാതെ 2003 മാർച്ചിലാണ് ഇവർക്ക് നിയമനാഗീകാരം നൽകിയതെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 2009-ൽ 172 എയ്ഡഡ് സ്കൂളുകൾ ഹയർ സെക്കന്ററിയായി ഉയർത്തിയെങ്കിലും നാളിതുവരെയായിട്ടും അവിടങ്ങളിലെ ലാബ് അസിസ്റ്റന്റുമാർക്ക് നിയമന അംഗീകാരം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര അൺ എയ്ഡഡ് സ്കൂളുകൾ, എയ്ഡഡ് ആയി ഉയർത്തിയെന്നും ആയതുവഴി, എത്ര അദ്ധ്യാപക-അനദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകി

യെന്നും വിശദമാക്കുമോ;

(ജി) പിന്നോക്ക ജില്ലയിൽ സ്കൂളുകൾ തുടങ്ങുന്നതിന് ധന സഹായം നൽകുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരം തുടങ്ങിയ മലബാറിലെ വിവാദമായ 33 സ്കൂളുകളിലെ 238 അദ്ധ്യാപക-അനദ്ധ്യാപകർക്ക്, എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് തുല്യമായ ശമ്പളവും ആനുകൂല്യവും നൽകാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എച്ച്) ഇപ്രകാരം, പ്രസ്തുത സ്കൂളുകളിലെ ജീവനക്കാർക്ക് എയ്ഡഡ് സ്കൂളുകളിലെ എല്ലാ ആനുകൂല്യവും നൽകുക എന്നു പറഞ്ഞാൽ, പ്രസ്തുത സ്കൂളുകളെ എയ്ഡഡ് ആയി ഉയർത്തി എന്നതിന് തുല്യമാകില്ലേ; വ്യക്തമാക്കുമോ;

(ഐ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനവും ആനുകൂല്യവും പരിഗണിക്കാതെ, മലബാറിലെ 33 സ്കൂളുകൾക്ക് അദ്ധ്യാപക/അനദ്ധ്യാപക നിയമനവും ആനുകൂല്യവും നൽകുകയാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ക്ലെമന്റ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>

1162 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ വിദ്യാഭ്യാസ ഉപജില്ലയിൽ ഉൾപ്പെട്ട തെങ്ങമം യു.പി. സ്കൂളിൽ, അദ്ധ്യാപികയായിരുന്ന ശ്രീമതി സി.എസ്. രമാദേവിയുടെ പേര് റൂൾ 51അ പ്രകാരം ക്ലെമന്റ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 14.6.2012 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപേക്ഷയിൻമേൽ, നാളിതുവരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അദ്യാപികയുടെ പേര് അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട റൂൾ 51 എ പ്രകാരം ക്ലെമന്റ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ, കാരണം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

നാച്ച്വുറൽ സയൻസ് പഠിപ്പിക്കുന്ന അദ്ധ്യാപകുടെ
വിദ്യാഭ്യാസ യോഗ്യത

1163 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ തലത്തിൽ നാച്ച്വുറൽ സയൻസ് പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ വിദ്യാഭ്യാസയോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വകലാശാലകളിൽ നിന്നും മൈക്രോബയോളജി ബിരുദം നേടുന്നവർ മറ്റ് യോഗ്യതകൾ, (ബി.എഡ്, ടെറ്റ്) ഉള്ളവരാണെങ്കിൽ, നാച്ച്വുറൽസയൻസ്, ഹൈസ്കൂൾ തലത്തിൽ പഠിപ്പിക്കാൻ യോഗ്യതയുള്ളവരാണോ;

(സി) പി.എസ്.സി ഇത് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, അതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

ജിയോളജി പാഠ്യവിഷയമായ വിദ്യാലയങ്ങൾ

1164 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ പ്രവർത്തിച്ചുവരുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിൽ, ജിയോളജി വിഷയം ഉൾപ്പെടുന്ന കോമ്പിനേഷൻ, എത്ര വിദ്യാലയങ്ങളിൽ പഠിപ്പിച്ചുവരുന്നു ;

(ബി) കൂടുതൽ വിദ്യാലയങ്ങളിൽ, ജിയോളജി പോലെ കാലിക പ്രാധാന്യമുള്ള വിഷയം പാഠ്യവിഷയമാക്കാൻ മുൻകൈ എടുക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ഹയർ സെക്കൻഡറി സ്കൂളുകളിലെ കോഴ്സുകളും അദ്ധ്യാപക നിയമനവും

1165 ശ്രീ. ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ, ജിയോളജി ഒരു വിഷയമായി ഉൾപ്പെട്ട എത്ര ഹ്യൂമാനിറ്റീസ് ബാച്ചുകളും, സയൻസ് ബാച്ചുകളും ഉണ്ട് എന്ന് അറിയിക്കാമോ;

(ബി) നാളിതുവരെയായി സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ, എത്ര ജിയോളജി-സീനിയർ, ജൂനിയർ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും എത്ര എണ്ണത്തിൽ, നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ബൈ പ്രമോഷൻ ആയി നീക്കിവെച്ച തസ്തികകളിൽ അപേക്ഷകർ ഇല്ലെന്ന കാര്യം പരിഗണിച്ച് ആയത് നേരിട്ടുളള നിയമനത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുളള റാങ്ക് ലിസ്റ്റുകളിൽ നിന്നും മുഴുവൻ ഒഴിവുകളും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം

1166 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലുൾപ്പെടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിനായി, എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ, നിലവിലുള്ളത്;

(ഡി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു എന്നും വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റുതിരുത്ത്</u>

1167

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റുകൾ തിരുത്താൻ ആർക്കാണ് അധികാരം നൽകിയിട്ടുള്ളത്; ആയതിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുത നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>എസ് എസ്. എൽ. സി. വിദ്യാർത്ഥികൾക്ക്</u>
<u>അഭിരുചി പരീക്ഷ</u>

1168 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പത്താം ക്ലാസ് പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കും അഭിരുചി പരീക്ഷ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷ</u>

1169 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയിൽ, വേഡ്പ്രോസസിംഗിന് (ഇംഗ്ലീഷ്, മലയാളം) പുറമെ, ഡി.റ്റി.പി., ഡേറ്റാ എൻട്രി എന്നീ വിഷയങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങൾ സജീവമായി നില നിൽക്കുന്നതിനും ഡി.റ്റി.പി., ഡേറ്റാ എൻട്രി എന്നിവ യുടെ പഠന ചെലവ് കുറയ്ക്കുന്നതിനുമായി കെ.ജി. റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് പരീക്ഷയുടെ സിലബസിൽ പ്രസ്തുത വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി. പരീക്ഷകൾക്ക് അനുയോജ്യമായ രീതി യിൽ കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷകളെ ഡി. റ്റി.പി. ഡേറ്റാ എൻട്രി എന്നിവ ഉൾപ്പെടുത്തി ആധുനീക രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാ ക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പരീക്ഷാ സഹായം ദീർഘിപ്പിച്ചു നല്കുന്നതിന് നടപടി</u>

1170 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയാ പോലുള്ള വിവിധതരം ദീർഘകാല രോഗം ബാധിച്ച വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ. സി. പരീക്ഷ എഴുതാനുള്ള സമയത്തിൽ, എന്തെങ്കിലും ഇളവുകൾ നല്കിയിട്ടുണ്ടോ;

(ബി) മരുന്നുകൾ കഴിക്കുന്നതുമൂലമുള്ള തളർച്ച, രക്തം വാർന്നുണ്ടാകുന്ന ക്ഷീണം, തന്മൂലമുണ്ടാകുന്ന ശാരീരിക അവശതകൾ, ഓർമ്മക്കുറവ്, വേദന തുടങ്ങിയ രോഗ പീഡകൾ അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതാനുള്ള സമയം ദീർഘിപ്പിച്ചു നല്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇപ്പോൾ നടക്കുവാൻ പോകുന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ തന്നെ, എഴുതാനുള്ള സമയം ദീർഘിപ്പിച്ചു നല്കി ഉത്തരവാകുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് നടപ്പിലാക്കുന്ന ആനുകൂല്യങ്ങൾ</u>

1171 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ ,പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് നടപ്പിലാക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, വിശദമാക്കുമോ:

(ബി) പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ, നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

ആദിവാസിപ്പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ പുതുക്കി നിർമ്മിക്കൽ

1172 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യഹറഹള്റ
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി ഈസ്റ്റ് ഗവൺമെന്റ് ഗേൾസ് സ്കൂളിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ, പുതുക്കി നിർമ്മിക്കുന്നതിനായി, സ്കൂളിന്റെ ഭൂമി വിട്ടുകിട്ടുന്നതിനുള്ള ട്രൈബൽ വകുപ്പിന്റെ അപേക്ഷയിന്മേൽ, സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ഐ. ടി. അറ്റ് സ്കൂൾ, മലപ്പുറം ജില്ലാ കോ- ഓർഡിനേറ്റർ നിയമനം</u>

1173 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഐടി അറ്റ് സ്കൂളിന്റെ മലപ്പുറം ജില്ലാ കോ- ഓർഡിനേറ്ററായി ശ്രീ. ഹബീബ് റഹ്മാനെ നിയമിക്കണമെന്നാവശ്യപ്പെട്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഐടി അറ്റ് സ്കൂൾ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം

1174 ശ്രീ. പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007 ജൂൺ 13 ന് ജി.ഒ.പി നം. 107/07/G.Edn. ആയി മുസ്ലിം പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കേരളത്തിലെ അഞ്ച് ജില്ലകളിൽ പ്രത്യേകമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ;

(ബി) പ്രസ്തുത ഉത്തരവ് ഏതെങ്കിലും സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരുന്നുവോ പുറപ്പെടുവിച്ചിരുന്നത്;

(സി) എങ്കിൽ, പ്രസ്തുത സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളായി ഉണ്ടായിരുന്നത്;

(ഡി) പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തിയിട്ടുണ്ടോ; ഭേദഗതി വരുത്താനുള്ള കാരണമെന്താണ്;

(ഇ) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) 62924/Un2/2008/G.Edn നമ്പർ ഫയലിൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ മേഖലയിൽ ലാ കോളേജുകൾ</u>

1175 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ ലാ കോളേജുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) വ്യക്തിഗത മാനേജ്മെന്റുകളെ ഇക്കാര്യത്തിനായി പരിഗണിക്കുമോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

എയ്ഡഡ് കോളേജുകളിലെ അനധ്യാപക ജീവനക്കാർ

1176 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിലെ അനധ്യാപക ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ കമ്മിമ്മറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ടീച്ചിംഗ് സ്റ്റാഫിന് ആനുപാതികമായി നോൺ ടീച്ചിംഗ് സ്റ്റാഫ് നിയമനം നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആവശ്യമായ നോൺ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നതിന്റെ വിശദാംശം</u>

1177 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത അദ്ധ്യയനവർഷം കൂടുതൽ എയ്ഡഡ് കോളേജുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇവ ഏതെല്ലാം മേഖലകളിലെ ഏതെല്ലാം മാനേജ്മെന്റുകൾക്കാണ് അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) കോളേജ് അനുവദിക്കുന്നത് എന്തു മാനദണ്ഡപ്രകാരമാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര എയ്ഡഡ് കോളേജുകൾ അനുവദിച്ചു; എവിടെയെല്ലാം; ഏതൊക്കെ മാനേജ്മെന്റുകൾക്ക്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>അധികയോഗ്യതയുള്ള ഉദ്യോഗസ്ഥര്‍</u>

1178 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വകലാശാല ബിരുദം മാത്രം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള വിവിധ വകുപ്പുകളിലെ പല തസ്തികകളിലും പി.എ.ച്ച്.ഡി യും, യു.ജി.സി മാനദണ്ഡങ്ങളും അനുശാസിക്കുന്ന യോഗ്യതകള്‍ നേടിയ ഉദ്യോഗസ്ഥര്‍ ജോലി ചെയ്യുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ അത്തരക്കാരെ പ്രയോജനപ്പെടുത്താന്‍ വകുപ്പുതല പുനഃക്രമീകരണമോ, നേരിട്ട് പ്രൊമോഷനോ നല്‍കാന്‍ നടപടി സ്വീകരിക്കുമോ;

(സി) കോളേജധ്യാപക തസ്തികകളില്‍ നിയമനം നേടാനുള്ള ഉയര്‍ന്ന പ്രായപരിധിയില്‍ ഇത്തരക്കാര്‍ക്ക് ഇളവനുവദിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കോളേജ് അധ്യാപകരുടെ ശമ്പളം</u>

1179 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് അധ്യാപകരുടെ 2006 മുതലുള്ള ശമ്പള കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) 2006 മുതലുള്ള കുടിശ്ശിക നൽകുന്നതിനുവേണ്ടി സർവ്വകലാശാലകൾക്ക് യു.ജി.സി. ഗ്രാന്റ് നൽകിയിട്ടുണ്ടോ;

(സി) കുടിശ്ശിക നൽകുന്നതിന് സംസ്ഥാനത്തിന്റെ ബാധ്യത എത്രയാണ്;

(ഡി) കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

1180 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ തസ്തിക വർദ്ധിപ്പിക്കണമെന്നുള്ള അപേക്ഷ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി അനുവദിച്ച മറ്റ് സർക്കാർ കോളേജുകളിൽ അനുവദിച്ചിട്ടുള്ളതിന് സമാനമായ തസ്തികകൾ അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന് അനുവദിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ കുറവ് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ നിലവിൽ അനുവദനീയമായ തസ്തികകൾ എത്ര; നിലവിലുള്ള ജീവനക്കാർ എത്ര; ഒഴിവുകൾ എത്ര; വ്യക്തമാക്കുമോ;

(ഇ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണുള്ളത്; ആകെ വിദ്യാർത്ഥികൾ എത്ര; വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ റീജിയണൽ സയൻസ് സെന്റർ സ്ഥാപിക്കാൻ നടപടി</u>

1181 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി പി.എം.ജി കോളേജ് വക സ്ഥലത്ത് റീജിയണൽ സയൻസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നും, പ്രസ്തുത സെന്ററിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം</u>

1182 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, ആർ. രാജേഷ്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഈ കോളേജുകളിൽ മുഴുവൻ സീറ്റിലും പ്രവേശനം നടക്കാറുണ്ടോ; ഇതു സംബന്ധമായി അവലോകനം നടത്തുകയുണ്ടായോ; വിശദമാക്കാമോ;

(ബി) ഈ അദ്ധ്യയനവർഷം സംസ്ഥാനത്താകെ എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ നികത്തപ്പെടാതെയുണ്ട്; കോളേജ് തിരിച്ചുള്ള കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ;

(സി) പുതിയ സ്വാശ്രയകോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഈ സർക്കാർ ഇതിനകം നൽകിയ അനുമതികൾ എത്ര;

(ഡി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ച സംബന്ധിച്ച് ഹൈക്കോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുകയുണ്ടോ; ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ
പഠന നിലവാരം

1183 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം ശരാശരിയിലും താഴ്ന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഒരു ഏജൻസിയെ അതിനായി ചുമതലപ്പെടുത്തുന്നതിനും 25 ൽ താഴെ വിജയശതമാനമുള്ള കോളേജുകളുടെ അംഗീകാരം റദ്ദാക്കുന്ന കാര്യവും പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം</u>

1184 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 25-ൽ താഴെ വിജയശതമാനമുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) 25-ൽ താഴെ വിജയ ശതമാനമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം പ്രവേശനം നടത്തുവാൻ പാടില്ലായെന്ന തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം ഉയർത്തുവാൻ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം മാനേജ്മെന്റുകൾക്ക് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>വിജയശതമാനം വളരെ കുറഞ്ഞ എഞ്ചിനീയറിംഗ് കോളേജുകളിലെ അലോട്ട്മെന്റ്</u>

1185 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 25 ശതമാനമെങ്കിലും വിജയം നേടാനാകാത്ത എഞ്ചിനീയറിംഗ് കോളേജുകളില്‍ അടുത്ത അദ്ധ്യായന വര്‍ഷം മുതല്‍ അലോട്ട്മെന്റ് നടത്തേണ്ടെന്ന നിര്‍ദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത തീരുമാനം പുന:പരിശോധിക്കണമെന്ന് കോളേജ് അധികാരികള്‍ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊള്ളുവാന്‍ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>എഞ്ചിനീയറിംഗ് കോളേജുകളുടെ</u>
<u>അംഗീകാരം റദ്ദാക്കൽ</u>

1186

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജയശതമാനം കുറഞ്ഞ എഞ്ചിനീയറിംഗ് കോളേജുകളുടെ അംഗീകാരം റദ്ദാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇത്തരത്തിൽ കോളേജുകൾ അടച്ചുപൂട്ടുമ്പോൾ നിലവിലുള്ള വിദ്യാർത്ഥികളുടെ പഠനത്തിന് ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം ഉയർത്തുന്നതിന് മാനേജ്മെന്റുകൾക്ക് സമയം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>അംഗീകാരം റദ്ദാക്കപ്പെടുന്ന എൻജിനീയറിംഗ്
കോളേജുകൾ</u>

1187 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവാരം കുറവായതിനാൽ ഈ വർഷം മുതൽ അംഗീകാരം റദ്ദാക്കുവാൻ തീരുമാനിച്ച എഞ്ചിനീയറിംഗ് കോളേജുകൾ ഏതെല്ലാം; കഴിഞ്ഞ വർഷം പ്രസ്തുത കോളേജുകളിലെ വിജയശതമാനം എത്രയായിരുന്നു; വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഇനിയും അവസരം നൽകാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ</u>
<u>എൻ.ആർ.ഐ ക്വാട്ട പ്രവേശനം</u>

1188 ശ്രീ. കെ.സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട പ്രവേശന മാനദണ്ഡങ്ങളിലെ അവ്യക്തത പരിഹരിക്കാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സർക്കാർ നിയന്ത്രണത്തിലുളള സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിന് വ്യത്യസ്ഥ മാനദണ്ഡങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>നെടുങ്കണ്ടം, പുറപ്പുഴ എന്നീ പോളിടെക്നിക്കുകളിലെ ജീവനക്കാർ</u>

1189 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുംകണ്ടം പോളിടെക്നിക്കിൽ ഏതെല്ലാം തസ്തികകൾ അനുവദിച്ചിട്ടുണ്ട്; എത്ര ജീവനക്കാരുണ്ട്; വിശദാംശം നൽകാമോ;

(ബി) പുറപ്പുഴ പോളിടെക്നിക്കിൽ ഏതെല്ലാം തസ്തികകൾ അനുവദിച്ചിട്ടുണ്ട്; നിലവിൽ എത്ര ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ ഉണ്ട്; വിശദാംശം നൽകാമോ;

(സി) പുറപ്പുഴ പോളിടെക്നിക്കിൽ അനുവദിച്ച തസ്തികകളിൽ പലതും നെടുംകണ്ടം പോളീടെക്നിക്കിൽ അനുവദിക്കാതിരിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(ഡി) നെടുംകണ്ടം പോളിടെക്നിക്കിലും ആവശ്യമായ തസ്തികകൾ ഉടൻ അനുവദിച്ച് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ചേലക്കര സർക്കാർ പോളിടെക്നിക് കോളേജിൽ</u>
<u>പുതിയ കോഴ്സുകൾ</u>

1190 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര സർക്കാർ പോളിടെക്നിക് കോളേജിൽ പുതുതായി രണ്ട് കോഴ്സുകൾ ആരംഭിക്കുവാൻ എ. ഐ. സി. റ്റി. ഇ. - യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) എ. ഐ. സി. റ്റി. ഇ. മാനദണ്ഡങ്ങൾപ്രകാരമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉള്ള പ്രസ്തുത സ്ഥാപനത്തിൽ അനുവദിച്ചിട്ടുള്ള രണ്ട് കോഴ്സുകൾ അടുത്ത അദ്ധ്യയനവർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പട്ടുവം ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം</u>

1191 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഐ.എച്ച്.ആർ.ഡി. കോളേജിനു കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിന്റെ പ്രവൃത്തി എന്നുമുതൽ ആരംഭിക്കുവാൻ സാധിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ ഐ. ഐ. ടി.</u>

1192 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഐ. ഐ. ടി. സ്ഥാപിക്കും എന്ന പ്രഖ്യാപനം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്ത് നടപടി ഇതുവരെ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) ജില്ലയിൽ എവിടെയാണ് ഐ.ഐ.ടി. സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്;

(സി) ആയതിലേക്ക് എത്ര കോടിരൂപ അനുവദിച്ചു; എന്ത് തുക ചെലവഴിച്ചു; എന്തിനൊക്കെ ചെലവഴിച്ചു; വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത ഐ. ഐ. ടി.യ്ക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിച്ചു;

(ഇ) പ്രസ്തുത ഐ. ഐ. ടി. എപ്പോൾ ആരംഭിക്കാൻ സാധിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1193 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ ബജറ്റിൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് ഓരോ ശീർഷകത്തിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ;

(ബി) 2012-2013 വർഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിനും വകയിരുത്തിയ തുകയും ഇതുവരെ ചെലവായ തുകയും എത്ര; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസവകുപ്പിലെ ജീവനക്കാരുടെ ആനുകൂല്യങ്ങളിലെ വൈരുദ്ധ്യം</u>

1194 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ വരുന്ന സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലേയും എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളീസ്ട്രീമിൽ ഉൾപ്പെട്ട വർക്ക് ഷോപ്പ് സൂപ്രണ്ട്, ഇൻസ്ട്രക്ടർ ഗ്രേഡ് ക, വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് ക ക എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് രണ്ടുതരത്തിൽ യോഗ്യതാമാനദണ്ഡവും വേതനവും മറ്റ് ആനുകൂല്യങ്ങളും 2007 ഒക്ടോബർ മുതൽ നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തസ്തികളിലുള്ള ജീവനക്കാർക്ക് എ.ഐ.സി.റ്റി.ഇ. മാനദണ്ഡങ്ങൾക്ക് വിധേയമായി ഫസ്റ്റ്ക്ലാസ്സ് ഡിപ്ലോമ അടിസ്ഥാനയോഗ്യതയും നിശ്ചിത പ്രവർത്തിപരിചയവും കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും നിശ്ചയിച്ചിരിക്കുന്നതിനാൽ ആയതിന് അനുസൃതമായി പ്രമോഷൻ, ശമ്പളം, ഹയർഗ്രേഡ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് തുല്യഅർഹത നൽകാത്തത് എന്ത് കൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഒരേ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരേ സിലബസ് പഠിപ്പിച്ച് ഒരേ ബിരുദം നൽകുന്ന എയ്ഡഡ്, ഗവൺമെന്റ് കോളേജുകളിൽ ഒരേ വകുപ്പ് അദ്ധ്യക്ഷനുകീഴിൽ ഒരേ ഹെഡ് ഓഫ് അക്കൗണ്ടിൽനിന്നും ശമ്പളം നൽകുന്ന പ്രക്രിയയിൽ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിലെ പ്രസ്തുത തസ്തികയിൽപെട്ട ജീവനക്കാർക്ക് മാത്രം മെച്ചപ്പെട്ട ആനുകൂല്യം നൽകുകയും സ്പെഷ്യൽ റൂൾസിന്റെ പേരിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ പൊതുധാരയിൽ വരുന്നവർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്ന നടപടി അടിയന്തിരമായി പുനഃപരിശോധിക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

**കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് ചട്ടവിരുദ്ധ തീരുമാനങ്ങളെടുത്തതായുള്ള പരാതി**

1195 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, വി. ശിവൻകുട്ടി
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ചട്ടവിരുദ്ധമായി തീരുമാനങ്ങളെടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഏതെല്ലാം സർവ്വകലാശാലകൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്; ഇതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കോഴിക്കോട് സർവ്വകലാശാലയിൽ സിൻഡിക്കേറ്റും വൈസ്ചാൻസലറും സർവ്വകലാശാല ചട്ടങ്ങൾക്ക് വിരുദ്ധമായി തീരുമാനങ്ങൾ കൈക്കൊളളുന്നതും നടപ്പിലാക്കുന്നതും സംബന്ധിച്ച് പരാതികൾ ലഭിക്കുകയുണ്ടായോ; എങ്കിൽ പരാതി പരിശോധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കോഴിക്കോട് സർവ്വകലാശാലയിൽ സർവ്വകലാശാല വക ഭൂമി സ്വകാര്യസ്ഥാപനങ്ങൾക്ക് പതിച്ചുനൽകൽ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകൽ തുടങ്ങി ഏതെല്ലാം കേസുകളിലാണ് വൈസ്ചാൻസലർക്കും സിൻഡിക്കേറ്റ് അംഗങ്ങൾക്കുമെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നത്; ആരുടെയെല്ലാം പേരിലാണ് അന്വേഷണം എന്ന് വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് സർവ്വകലാശാലയിൽ പരീക്ഷാ നടത്തിപ്പ് ചുമതല കോളേജുകളെ തന്നെ ഏല്പിക്കാൻ സിൻഡിക്കേറ്റ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇത് ചട്ടപ്രകാരമാണോ; ഇക്കാര്യത്തിൽ അക്കാഡമിക് കൗൺസിലിന്റെ അഭിപ്രായം എന്താണ്;

(ഇ) നിരന്തരം ആക്ഷേപങ്ങൾക്ക് വിധേയനാവുകയും അന്വേഷണം നേരിടുകയും ചെയ്യുന്ന വൈസ് ചാൻസലറെ തൽസ്ഥാനത്തുനിന്നും മാറ്റുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>മലയാള സർവ്വകലാശാലയുടെ പ്രവർത്തനം</u>

1196 ശ്രീ. സി. പി. മുഹമ്മദ്
,, വി. റ്റി. ബൽറാം
,, കെ. അച്ചുതൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭാഷയുടെയും സംസ്ക്കാരത്തിന്റെയും സൂക്ഷ്മതലങ്ങൾ വിശദമായി പഠിക്കുവാനും ഗവേഷണം ചെയ്യുവാനും സർവ്വകലാശാല പ്രത്യേക പരിഗണന നൽകുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ സാമ്പത്തിക വർഷം സർവ്വകലാശാലയുടെ പ്രവർത്തനത്തിന് എന്ത് തുക അനുവദിച്ചു;

(ഡി) പ്രസ്തുത സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്;

(ഇ) യു. ജി. സി സഹായത്തിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

**കേരള നിയമസഭ**
**08.02.2013-ലെ മറുപടിക്ക്**

<u>മലയാളം സർവ്വകലാശാലയുടെ പ്രവർത്തനം</u>

1197 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) സർവ്വകലാശാലയുടെ കാര്യനിർവ്വഹണവും വിദ്യാഭ്യാസ പദ്ധതികളും എന്നാരംഭിക്കുവാൻ സാധിക്കും; വിശദാംശം അറിയിക്കുമോ;

(സി) പാഠ്യപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) വിവിധവിഷയങ്ങളിലുള്ള കോഴ്സുകളും ക്ലാസ്സുകളും എന്നാരംഭിക്കുവാൻ സാധിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സാങ്കേതിക സർവ്വകലാശാല</u>

1198 ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം കോളേജുകളാണ് പ്രസ്തുത സർവ്വകലാശാലയുടെ പരിധിയിൽപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇത് സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ;

(ഇ) സർവ്വകലാശാല സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

**കേരള നിയമസഭ**
**08.02.2013-ലെ മറുപടിക്ക്**

<u>സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാരുടെ നിയമനം</u>

1199 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാരെ നിയമിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഇതിൽ ഏതെങ്കിലും നിലയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) മത-സാമുദായിക സംഘടനകൾ നിർദ്ദേശിച്ചവരെ വൈസ്- ചാൻസലർമാരായി നിയോഗിക്കണമെന്ന ആവശ്യം പ്രസ്തുത സംഘടനകൾ മുന്നോട്ടുവയ്ക്കുകയുണ്ടായോ; ഏതെല്ലാം മത-സാമുദായിക സംഘടനകളുടെ നിർദ്ദേശം പരിഗണിക്കുകയുണ്ടായി;

(സി) ജാതി-മത-സമുദായ പരിഗണന മാനദണ്ഡമാക്കിയുള്ള വൈസ്-ചാൻസലർ നിയമനങ്ങൾ സമൂഹത്തിൽ സാമുദായിക സ്പർദ്ധ വർദ്ധിപ്പിക്കാൻ ഇടയാക്കുമെന്ന വസ്തുത പരിഗണിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റുമാരുടെ നിയമനം

1200 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയിൽ അനധികൃതമായി നടത്തിയ അസിസ്റ്റന്റ് നിയമനം ഏതെല്ലാം കോടതികൾ പരിശോധിച്ചിട്ടുണ്ട്;

(ബി) ഓരോ കോടതിയുടെയും വിധി എന്തായിരുന്നു; വിശദമാക്കുമോ;

(സി) നിയമനം റദ്ദ് ചെയ്തിട്ടും നിയമിച്ചവരെ പിരിച്ച് വിടാതിരിക്കാനുള്ള കാരണം വിശദമാക്കുമോ;

(ഡി) നിയമവിരുദ്ധ നിയമനം നേടിയവരെ അടിയന്തിരമായി പിരച്ചുവിട്ട് പകരം നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റി ഭൂമിവിവാദം</u>

1201 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി ഭൂമിവിവാദവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ബി) വിവാദത്തിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആരുടെയൊക്കെ പേർക്കാണ് കേസ് എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ആയതിന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം വ്യക്തികൾക്കെതിരെയാണ് വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഇ) നടപടികളുടെ പുരോഗതി വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>ലൈബ്രറി കൗൺസിലിന് ഗ്രാന്റ്</u>

1202 ശ്രീ. എം. എ ബേബി
,, പുരുഷൻ കടലുണ്ടി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വായനശാലകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത എത്ര ലൈബ്രറികളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്;

(സി) ലൈബ്രറി കൗൺസിലിന്റെ വരുമാന സ്രോതസ്സ് എന്താണ്; നിലവിലുള്ള വരുമാനം ഉപയോഗിച്ച് കൗൺസിലിന്റെ പ്രവർത്തനം തൃപ്തികരമായി മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയുമോ; വിശദമാക്കുമോ;

(ഡി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ലൈബ്രറി കൗൺസിലിന് ഗ്രാന്റ് നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക എത്ര; ഈ വർഷങ്ങളിൽ സർക്കാർ നൽകിയ ഗ്രാന്റ് എത്ര;

(ഇ) കൗൺസിൽ നടത്തുന്ന മികച്ച പ്രവർത്തനങ്ങൾക്ക് അർഹമായ ഗ്രാന്റ് വേഗത്തിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ഗ്രന്ഥശാലകൾക്ക് ധനസഹായം</u>

1203 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തിൽ ഗ്രന്ഥശാലകൾക്ക് ധനസഹായം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയതിൽ എന്തു തുക ഇതിനകം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്; എന്നാണ് കൈമാറിയത്;

(ബി) ശേഷിക്കുന്ന തുക എത്രയും വേഗം അനുവദിക്കുമോ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

ലൈബ്രറി കൗൺസിലിന് 2012-2013-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശം

1204 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന് 2012-2013-ലെ ബഡ്ജറ്റിൽ ഓരോ ശീർഷകത്തിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുക എത്ര;

(ബി) ഇതിൽ ഇതുവരെ ചെലവഴിച്ച തുക എത്ര; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

2012-2013-ലെ ബഡ്ജറ്റിൽ ഉന്നതവിദ്യാഭ്യാസവകുപ്പിന് അനുവദിച്ച തുകയുടെ വിശദാംശം

1205 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013-ലെ ബഡ്ജറ്റിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഓരോ ശീർഷകത്തിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതരവിഹിതവും, ഇതുവരെ ചെലവഴിച്ച തുകയും എത്ര; വിശദമാക്കുമോ;

(ബി) 2012-2013 വർഷം ഉന്നതവിദ്യാഭ്യാസവകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്ക്കൃതപദ്ധതികൾ ഏതൊക്കെ; ഓരോന്നിനും വകയിരുത്തിയ തുകയും, ഇതിനകം ചെലവഴിച്ച തുകയും എത്ര; വിശദമാക്കുമോ?